"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

നമ്പർ:സി3/17084/2013 — തൈക്കാട്, തിരുവനന്തപുരം-14

തീയതി: 11/10/2013

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- തിരുവനന്തപുരം- പ്രൈവറ്റ് ഐ.ടി.ഐ കളിൽ എൻ.സി.വി.റ്റി ട്രേഡുകളല്ലാതെ മറ്റ് കോഴ്സുകൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നത്- സംബന്ധിച്ച്:-

സൂചന:- 17/06/2013, 25/07/2013 എന്നീ തീയതികളിലെ ഇതേ നമ്പർ നടപടി ക്രമങ്ങൾ

സംസ്ഥാനത്തെ എല്ലാ പ്രൈവറ്റ് ഐ.ടി.ഐകളുടേയും പരിശീലന നിലവാരവും, പ്രവർത്തന നിലവാരവും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പു തലത്തിൽ രൂപീകരിച്ചിരുന്ന ജില്ലാതല ഉദ്യോഗസ്ഥ സംഘത്തോട് സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. പ്രൈവറ്റ് ഐ.ടി.ഐകളിൽ എൻ.സി.വി.റ്റി കോഴ്സുകളല്ലാതെ വേറെ ഏതെങ്കിലും കോഴ്സുകൾ നടത്തുന്നുണ്ടോ എന്നും അത്തരം കോഴ്സുകൾ നടത്തുന്നതിന് എൻ.സി.വി.റ്റി ട്രേഡുകളിലെ യന്ത്ര സാമഗ്രികൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നും ടി കോഴ്സുകൾ നടത്തുന്നതു മൂലം എൻ.സി.വി.റ്റി ട്രേഡുകളിലെ പരിശീലനത്തെ ഏതെങ്കിലും വിധത്തിൽ ബാധിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ കൂടി പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നറിയിക്കുന്നു.

കൂടാതെ അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് എൻ.സി.വി.റ്റി അംഗീകാരമുണ്ടെന്ന രീതിയിൽ ചില പ്രൈവറ്റ് ഐ.ടി.ഐ മാനേജ്മെന്റുകൾ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രൈവറ്റ് ഐ.ടി.ഐകളുടെ പ്രോസ്പെക്ടസ് കൂടി ടി കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

B. SREEKUMAR
DY. DIRECTOR OF TRAINING

To

സൂചനയിലെ നടപടി ക്രമത്തിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- വെബ്സൈറ്റ്

A-15-10-13